ജൂലൈ
31
2025

# സ്റ്റുഡൻസ് വേൾഡ്

സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ കവടിയാർ-മുഖപത്രം

## ലഹരിവിരുദ്ധ ബോധവൽകരണ ക്ലാസും കൗൺസിലിംഗും നടത്തി



കുന്നത്തൂർ ജയപ്രകാശ് ക്ലാസ് നയിക്കുന്നു.

കവടിയാർ: സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ വിമുക്തി ക്ലബിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ക്ലാസും കൗൺസിലിംഗും നടത്തി. അധ്യാപകനും കവിയും സാമൂഹിക പ്രവർത്തകനുമായ ശ്രീ. കുന്നത്തൂർ ജയപ്രകാശാണ് ക്ലാസിനു നേതൃത്വം നൽകിയത്. വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസം വളർത്തുകയും അതിലൂടെ സമൂഹത്തിൽനിന്നും ലഹരി ഒഴിവാക്കുന്നതിനുമുള്ള അറിവുകൾ കുട്ടികൾക്കു പകർന്നുനൽകി. വ്യക്തിത്വ വികാസത്തിനും സ്വഭാവ രൂപീകരണത്തിനുമുള്ള വഴികൾ ക്ലാസിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭിച്ചു.

## പുസ്തകക്കൂട് നിറയ്ക്കൽ: ലഭിച്ചത് 1000 പുസ്തകങ്ങൾ

കവടിയാർ: സ്കൂൾ ലൈബ്രറിയുടെ പുസ്തക ശേഖരണ പ്രവർത്തനവുമായി ബന്ധപെട്ടു നടത്തിയ പുസ്തകക്കൂട് എന്ന പരിപാടിയിലൂടെ ഇത്തവണ ലഭിച്ചത് 1000 പുസ്തകങ്ങൾ. നിരവധി വ്യക്തികളുടെ സഹകരണത്തോടെയാണ് പുസ്തകങ്ങൾ ലഭിച്ചത്. കഴിഞ്ഞ വർഷം പുതുക്കിപ്പണിത ലൈബ്രറിയിൽ ഏകദേശം നാലായിരത്തിനു മുകളിൽ പുസ്തകങ്ങൾ നിലവിലുണ്ട്. ഡിജിറ്റൽ ലൈബ്രറിയുടെ ഭാഗമായി ഇ-വായന പ്രവർത്തനം പുരോഗമിക്കുന്നു. വിദ്യാർത്ഥികളിൽ വായനാശീലം വർധിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങളും നടന്നുവരുന്നു

## ലിറ്റിൽ കൈറ്റ് അഭിരുചി പരീക്ഷ നടത്തി

കവടിയാർ: സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ് 2025-2028 ബാച്ചിന്റെ പ്രവേശന പരീക്ഷ സ്കുളിൽ വച്ച് നടത്തപ്പെട്ടു. എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപെട്ട 30 വിദ്യാർത്ഥിക ളാണ് പരീക്ഷ എഴുതിയത്. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും തുടർ പഠനത്തിന് യോഗ്യത നേടി. ആഗസ്റ്റ് മാസം നടത്തപെടുന്ന പ്രിലിമിനറി ക്യാമ്പിന് ശേഷം ഈ ബാച്ചിന്റെ ക്ലാസുകൾ ആരംഭിക്കും. 2018 മുതലാണ് സ്കൂളിൽ ലിറ്റിൽ കൈറ്റ് പ്രവർത്തനം ആരംഭിച്ചത്. 2024-27 ബാച്ചിന്റെ ക്ലാസ്സുകളും 2023-26 ബാച്ചിന്റെ തുടർ പ്രവർത്തനവും ഇതോടൊപ്പം നടത്തിവരുന്നു.

## ജനാധിപത്യത്തിന്റെ പാഠങ്ങൾ പകർന്ന് സ്കൂൾ പാർലമെന്റ് ഇലക്ഷൻ



സ്കൂൾ പാർലമെന്റ് തെരഞ്ഞക്കെടുപ്പിൽ വിദ്യാർഥികൾ വോട്ട് രേഖപ്പെടുത്തുന്നു

കവടിയാർ: ജനാധിപത്യത്തിന്റെ പാഠങ്ങൾ പകർന്നുനൽകി കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിൽ പാർലമെന്റ് ഇലക്ഷൻ നടത്തി. പൊതുതെരഞ്ഞെടുപ്പിന്റെ മാതൃകയിൽ എല്ലാം മാനദണ്ഡങ്ങളും പാലിച്ചാണ് ഇലക്ഷൻ നടത്തിയത്. ഇലക്ട്രോണിക് വോട്ടിംഗ് മെഷിൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പാണ് ഇത്തവണയും നടത്തിയത്. സ്കൂൾ ലീഡർ, ഡെപ്യൂട്ടി ലീഡർ എന്നി സ്ഥാനങ്ങളിലേക്കുള്ള മത്സരത്തിൽ അശ്വതി എസ് വി ലീഡറായും ജോബിൻ എസ് ജോയി ഡെപ്യൂട്ടി ലീഡറായും തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാർത്ഥികൾ തന്നെ പോളിംഗ് ഉദ്യോഗസ്ഥരായി. ഇലക്ഷൻ ഫലപ്രഖ്യാപനത്തിനു ശേഷം വിജയികൾ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

## ജൂലൈ 21 ചന്ദ്രദിനം ആഘോഷിച്ചു



കവടിയാർ: മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ ദിവസത്തിന്റെ സ്മരണപുതുക്കലായി കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിൽ ചന്ദ്രദിനം ആഘോഷിച്ചു. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടിയുടെ ഭാഗമായി പ്രത്യേക അസംബ്ലി, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, വിഡിയോ പ്രദർശനം എന്നിവ ഒരുക്കി. കുട്ടികൾ തയാറാക്കിയ റോക്കറ്റ് മാതൃകകൾ അസംബ്ലിയിൽ പ്രദർശിപ്പിച്ചു. കുട്ടികൾ തയാറാക്കിയ ചാന്ദ്രദിന പതിപ്പ് 'ചന്ദ്രായനം' പ്രകാശനം ചെയ്തു. സയൻസ് ക്ലബ്ബ് കോഓർഡിനേറ്റർമാരായ അധ്യാപകർ പരിപാടിക്ക് നേതൃത്വം നൽകി.

## ബഷീർദിനാചരണം നടത്തി



കവടിയാർ: മലയാളത്തിന്റെ മഹാനായ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ ദിനത്തോടനുബന്ധിച്ച് ബഷീർദിനം ആചരിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പരിപാടിയുടെ ഭാഗമായി ക്വിസ് മത്സരം, ഡോക്യുമെന്ററി പ്രദർശനം , മാഗസിൻ നിർമ്മാണം , ബഷീർ കഥാപാത്രങ്ങളുടെ കാർട്ടൂൺ രചന എന്നീ പരിപാടികളും സംഘടിപ്പിച്ചു. ദിനാചരണവുമായി ബന്ധപെട്ടു നടത്തിയ അസംബ്ലിയിൽ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ഒപ്പം ബഷീർ കൃതികളുടെ ശേഖരണം പ്രത്യേക പരിപാടിയായി നടത്തിവരുന്നു.

# 2025 ജൂലൈ 2 ന് സാൽവേഷൻ ആർമി 161 മത് സ്ഥാപകദിനം



ലണ്ടനിലെ ചേരിപ്രദേശങ്ങളിൽനിന്ന് ആരംഭിച്ച് ലോകമെമ്പാടും വ്യാപിച്ച്, പാവപ്പെട്ടവർക്കും നിരാലംബർക്കും ആശ്രയമായി മാറിയ പ്രസ്ഥാനമാണ് സാൽവേഷൻ ആർമി. വില്യം ബൂത്തും ഭാര്യ കാതറിനും ചേർന്ന് 1865 ജൂലൈ 2-ന് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. 'ക്രിസ്ത്യൻ മിഷൻ' എന്ന പേരിൽ തുടങ്ങിയ ഈ പ്രസ്ഥാനം, പിൽക്കാലത്ത് 'സാൽവേഷൻ ആർമി' എന്ന പേര് സ്വീകരിച്ചു. 2025 ജൂലൈ 2 ന് സാൽവേഷൻ ആർമി അതിന്റെ 161-മത് സ്ഥാപകദിനം ആഘോഷിക്കുന്നു.

വില്യം ബൂത്ത് ഒരു മെത്തഡിസ്റ്റ് പ്രസംഗകനായിരുന്നു. എന്നാൽ, പള്ളികളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന സുവിശേഷ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം തെരുവുകളിലേക്ക് ഇറങ്ങി. ലണ്ടനിലെ ഈസ്റ്റ് എൻഡിൽ, പാപികളുടെയും ദരിദ്രരുടെയും ഇടയിൽ അദ്ദേഹം പ്രസംഗിച്ചു. വിശക്കുന്നവന് ഭക്ഷണം നൽകിയും, ഭവനരഹിതർക്ക് പാർപ്പിടം ഒരുക്കിയും, മദ്യപാനികൾക്കും, കള്ളന്മാർക്കും, വേശ്യകൾക്കും ഒരു പുതിയ ജീവിതം നൽകിയുമാണ് സാൽവേഷൻ ആർമി അതിന്റെ ദൗത്യം ഇന്നും നിറവേറ്റി പോരുന്നു.

161 വർഷങ്ങളുടെ ചരിത്രം

കഴിഞ്ഞ 161 വർഷങ്ങൾക്കിടയിൽ, സാൽവേഷൻ ആർമി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വളർന്നു. ഇന്ന് 130-ലധികം രാജ്യങ്ങളിൽ ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യം, ദുരന്തങ്ങൾ, യുദ്ധങ്ങൾ എന്നിവയിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങായി സാൽവേഷൻ ആർമി എല്ലായ്പ്പോഴും ഉണ്ടായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ വെറും സഹായങ്ങളിൽ ഒതുങ്ങിയില്ല, മറിച്ച് ആളുകളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതിന് സഹായകമായി.

ഈ സ്ഥാപകദിനം ആഘോഷിക്കുമ്പോൾ, വില്യം ബൂത്തിന്റെയും കാതറിൻ ബൂത്തിന്റെയും ധൈര്യവും സമർപ്പണവും നാം ഓർക്കണം. അവരുടെ ജീവിതം, വിശ്വാസം എന്നത് സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ പ്രാവർത്തികമാക്കാനുള്ള ഒരു ആഹ്വാനം കൂടിയാണ്.

## നീറുന്ന ഓർമയായി വയനാട്



*വയനാട് ദുരന്തത്തിന്റെ സ്മരണയിൽ നടത്തിയ മൗനാചരണം*

കേരളത്തെ കണ്ണീരിലാഴ്ത്തിയ വയനാട് ദുരന്തം നടന്നിട്ട് ഒരുവർഷം പൂർത്തിയായി. രാത്രിയുടെ മറവിൽ പെയ്തിറങ്ങിയ മഴയിൽനിന്നും ഉണ്ടായ ഉരുൾപൊട്ടലിൽ പൊലിഞ്ഞത് നിരവധി ജീവനുകൾ. വിദ്യാലയ മുറ്റത്ത് കളിച്ചുനടന്ന കുഞ്ഞുങ്ങളും അവരുടെ വിദ്യാലയവും കേരളത്തിലെ എല്ലാ വിദ്യാലയങ്ങളുടെയും കണ്ണീരായി മാറി. ദുരന്തത്തിന് ഇന്നേക്ക് ഒരുവർഷം പിന്നിടുമ്പോൾ കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളും ആ ദുഃഖത്തിൽ പങ്കുചേർന്നു. അന്നേദിവസം നടന്ന പ്രത്യേക അസംബ്ലിയിൽ ദുരന്ത സ്മരണയിൽ മൗനാചരണം നടത്തി. മരണപ്പെട്ട ജീവനുകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

## പ്രേംചന്ദ് ദിനം ആചരിച്ചു



*പ്രേംചന്ദ് ദിനാചരണത്തിൽ വിദ്യാർഥികൾ*

കവടിയാർ : ഭാരതീയ ഹിന്ദി സാഹിത്യകാരനായ പ്രേംചന്ദിന്റെ സ്മരണ പുതുക്കി പ്രേംചന്ദ് ദിനം ആചരിച്ചു. സമാനതകളില്ലാത്ത കൃതികളിലൂടെ ഭാരതീയ സാഹിത്യത്തെ പ്രൗഢമാക്കിയ എഴുത്തുകാരൻ എന്ന നിലയിൽ അനുസ്മരിക്കപ്പെട്ട അദ്ദേഹത്തിന്റെ കൃതികൾ ലോക സാഹിത്യത്തിൽ ഇടംപിടിച്ചു. പ്രേംചന്ദ് ദിനവുമായി ബന്ധപെട്ടു നടത്തിയ പ്രത്യേക അസംബ്ലിയിൽ അനുസ്മരണത്തോടൊപ്പം അദ്ദേഹത്തിന്റെ കൃതികളെ പരിചയപ്പെടുത്തി. പ്രേംചന്ദിന്റെ ലഘു ജീവചരിത്രം വിദ്യാർഥികൾ അവതരിപ്പിച്ചു. പ്രേംചന്ദിന്റെ വിവിധ ചിത്രങ്ങളും കൃതികളും അടങ്ങിയ ചിത്ര പ്രദർശനവും നടത്തപ്പെട്ടു.

# കാർഷിക സർവകലാശാല സന്ദർശിച്ചു




വെള്ളായണി: കവടിയാർ സാൽവേഷൻ ആർമി സ്കൂളിലെ കാർഷിക ക്ലബിന്റെ നേതൃത്വത്തിൽ വെള്ളായണി കാർഷിക സർവകലാശാല സന്ദർശിച്ചു. കൃഷിപാഠങ്ങൾ പഠിക്കുവാനും അതിലൂടെ വിദ്യാലയത്തിലും വീടുകളിലും കൃഷിത്തോട്ടം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സന്ദർശനം നടത്തിയത്. വെള്ളായണി കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രഫസറായ ശ്രീമതി. രേഖ വിദ്യാർത്ഥികൾക്ക് പുതിയ കൃഷിരീതികളെക്കുറിച്ച് ക്ലാസ് എടുത്തു. കാർഷിക ക്ലബ്ബ് കോ ഓർഡിനേറ്റർമാരായ അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ ഇരുപത്തിയഞ്ച് പേരടങ്ങുന്ന അംഗങ്ങളാണ് സന്ദർശനം നടത്തിയത്. സ്കൂളിലെ പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനാവശ്യമായ വിത്തുകളും വളവും നൽകുകയും വേണ്ട നിർദേശങ്ങൾ വിദ്യാർത്ഥികളെ അറിയിക്കുകയും ചെയ്തു. കാർഷിക സർവ്വകലാശാലയിലേക്കുള്ള സന്ദർശനം കുട്ടികൾക്ക് പുതിയ അനുഭവമായി മാറി.

# സബ് ജൂനിയർ ബോസിക്സിങ് ചാമ്പ്യൻഷിപ്പിൽ അൽഫിൻ വി എ യ്ക്ക് വെങ്കലം

കണ്ണൂർ: കണ്ണൂരിൽവച്ച് നടന്ന സബ്ജൂനിയർ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിലെ അൽഫിൻ വി എ യ്ക്ക് വെങ്കലം. 70+ കാറ്റഗറിയിൽ തിരുവനന്തപുരം ജില്ലയെ പ്രതിനിധീകരിച്ചാണ് അൽഫിൻ മത്സരത്തിന് ഇറങ്ങിയത്. പന്ത്രണ്ട് പേർ പങ്കെടുത്ത മത്സരത്തിൽ നിന്നാണ് ആൽഫിൻ മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം ജില്ല ഓവർ ഓൾ ചാംപ്യൻഷിപ് കരസ്ഥമാക്കി.സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയായ ആൽവിൻ ആദ്യമായാണ് ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നത്. അന്താരാഷ്ട്ര മത്സരത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ച് ചാമ്പ്യനാകുക എന്നതാണ് അൽഫിന്റെ ലക്ഷ്യം.



# വൈക്കം മുഹമ്മദ് ബഷീർ: മലയാള സാഹിത്യത്തിന്റെ സുൽത്താൻ



മലയാള സാഹിത്യത്തിൽ തന്റേതായൊരു സിംഹാസനം പണിത സുൽത്താനാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹത്തിന്റെ ജീവിതം പോലെ തന്നെ സമ്പന്നമാണ് അദ്ദേഹത്തിന്റെ സാഹിത്യവും. ലളിതമായ ഭാഷയിൽ, സാധാരണക്കാരുടെ ജീവിതം അദ്ദേഹം പകർത്തിയെഴുതിയപ്പോൾ അത് മലയാളിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. എഴുത്തിന്റെ യാഥാസ്ഥിതിക ചട്ടക്കൂടുകൾ ഭേദിച്ച്, തന്റെ തനത് ശൈലിയിൽ ബഷീർ സൃഷ്ടിച്ച കഥാപാത്രങ്ങൾ ഇന്നും നമ്മോടൊപ്പം ജീവിക്കുന്നു.

ബാല്യകാലസഖിയിലെ മജീദും സുഹറയും, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നുത്തിലെ കുഞ്ഞുപ്പാത്തുമ്മയും, മതിലുകളിലെ ബഷീറും, പാത്തുമ്മായുടെ ആടിലെ ആടും... ഇവരെല്ലാം ബഷീറിന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് പിറന്നവരാണ്. ദാരിദ്ര്യം, സ്നേഹം, വിപ്ലവം, തടവറ ജീവിതം, ലോകം ചുറ്റിയുള്ള യാത്രകൾ - ഈ അനുഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ രചനകൾക്ക് ജീവൻ നൽകി. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ഓരോ കഥയും നമ്മുടെയെല്ലാം ജീവിതത്തിന്റെ ഓരോ ഏടുകളായി മാറുന്നു.

ബഷീറിന്റെ എഴുത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അദ്ദേഹത്തിന്റെ ഭാഷയാണ്. പാണ്ഡിത്യത്തിന്റെ ഭാരമില്ലാതെ, സംസാര ഭാഷയുടെ സൗന്ദര്യത്തിൽ അദ്ദേഹം കഥ പറഞ്ഞു. ഹാസ്യവും വേദനയും ഇടകലർന്ന അദ്ദേഹത്തിന്റെ ശൈലി ആരെയും ആകർഷിക്കുന്നതായിരുന്നു. മനുഷ്യന്റെ നിഷ്കളങ്കതയെയും ക്രൂരതയെയും അദ്ദേഹം ഒരേ സമയം തന്റെ തൂലികയാൽ വരച്ചുകാട്ടി.

ബഷീറിന്റെ കഥകൾ വെറും സാഹിത്യ സൃഷ്ടികൾ മാത്രമായിരുന്നില്ല, മറിച്ച് ജീവിതത്തിന്റെ നേർക്കാഴ്ചകളായിരുന്നു. അതുകൊണ്ട് തന്നെയാണ് കാലമെത്ര കഴിഞ്ഞാലും അദ്ദേഹത്തിന്റെ രചനകൾക്ക് പ്രസക്തി നഷ്ടപ്പെടാത്തത്. മലയാള സാഹിത്യത്തിൽ ഒരു പുതിയ വഴി വെട്ടിത്തെളിയിച്ച ഈ മഹാപ്രതിഭയെ 'ബേപ്പൂർ സുൽത്താൻ' എന്ന് സ്നേഹത്തോടെ ലോകം വിളിക്കുന്നത് വെറുതെയല്ല.

## ലിറ്റൽ കൈറ്റ് പ്രൈമറി ക്ലാസ് വിദ്യാർത്ഥികൾക്ക് ഐ ടി പരിശീലനം നടത്തി

കവടിയാർ: സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ ലിറ്റൽ കൈറ്റ് 2023-26 ബാച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട പ്രാഥമിക പാഠങ്ങളും ലിബർ ഓഫീസ് റൈറ്ററിൽ ടൈപ്പിങ്ങും പരിശീലന വിഷയങ്ങളായിരുന്നു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു.



കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും വിതരണം ചെയ്തു. ബംഗളൂർ ഓക്ക്റിഡ്ജ് ഇന്റർനാഷണൽ സ്കൂൾ വിദ്യാർത്ഥിയായ പ്രാർത്ഥന നാരായണനാണ് പഠനോപകാരണങ്ങൾ കുട്ടികൾക്ക് നൽകിയത്.

## അറിയിപ്പുകൾ

*ആഗസ്റ്റ് എട്ടാം തീയതി വെള്ളിയാഴ്ച ദീപിക ദിനപത്രം നടത്തുന്ന അഖില കേരള ചിത്രരചന മത്സരം നടത്തപ്പെടുന്നു.*

*ആഗസ്റ്റ് പതിനൊന്നാം തീയതി തിങ്കളാഴ്ച ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾക്കായി ഫോട്ടോഗ്രാഫി പരിശീലനം നടത്തപ്പെടുന്നു.*

## ചങ്ങാതി വായനക്കൂട്ടം ഉദ്ഘാടനം ചെയ്തു



നോർത്ത് URC പരിധിയിലുള്ള പേരൂർക്കട ക്ലസ്റ്ററിലെ സാൽവേഷൻ ആർമി HSS ൽ 31-7-2025 (വ്യാഴം) ന് രാവിലെ 10.30 ന് ചങ്ങാതി വായനക്കൂട്ടം ബഹുമാനപ്പെട്ട PTA പ്രസിഡന്റ് ശ്രീ. വിൻസന്റ് സാമുവൽ ഉദ്ഘാടനം ചെയ്തു. വായിക്കാനുള്ള പുസ്തകങ്ങൾ PTA പ്രസിഡന്റും SMC ചെയർമാനും കൂടി കുട്ടികൾക്ക് നൽകി. തദവസരത്തിൽ സീനിയർ അസിസ്റ്റന്റ് ശ്രീമതി നിത്യ, സ്റ്റാഫ് സെക്രട്ടറി ശ്രീമതി അഞ്ജന, മറ്റധ്യാപകർ, URC പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു. കുട്ടികൾക്ക് അവരുടെ കൂട്ടുകാർ പത്രവും കഥകളും വായിച്ചു കൊടുത്തു. പത്രവായനയുടെ പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഉദ്ഘാടകൻ പറഞ്ഞതിനൊപ്പം സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പത്രത്തിലെ വാർത്തകൾ വായിച്ചു പറഞ്ഞു കൊടുക്കണമെന്നും അദ്ദേഹം കുട്ടികളോട് പറഞ്ഞു. ഇത് എല്ലാ ദിവസവും തുടരേണ്ട പ്രവർത്തനമാണെന്നും സീനിയർ അസിസ്റ്റന്റ് കുട്ടികളെ ഓർമ്മിപ്പിച്ചു.

## ലഹരിവിരുദ്ധ പോസ്റ്റർ രചന മത്സരം നടത്തി



കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിൽ യു പി , ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ പോസ്റ്റർ രചന മത്സരം നടത്തി. സ്കൂൾ നടത്തിവരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇത്തരത്തിൽ പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ചത്.